# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ആഗസ്റ്റ് 8** <br> **August 8** | **2018** |

***1193 കർക്കിടകം 23 ബുധൻ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ബി.ടെക് സ്പോട്ട് അഡ്മിഷൻ**

അടൂർ ഐഎച്ച്ആർഡി എൻജിനീയറിംഗ് കോളേജിൽ ഒഴിവുള്ള ഒന്നാം വർഷ ബി.ടെക് കോഴ്സുകളിൽ മെറിറ്റ്/മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തും. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ബ്രാഞ്ചുകളിൽ മെറിറ്റ് സീറ്റുകളിലും കംപ്യൂട്ടർ സയൻസ്, മെക്കാനിക്കൽ എന്നീ ബ്രാഞ്ചുകളിൽ മാനേജ്മെന്റ് സീറ്റുകളിലും ഒഴിവുണ്ട്. മെറിറ്റ് സീറ്റിൽ 35000 രൂപയും മാനേജ്മെന്റ് സീറ്റിൽ 65000 രൂപയുമാണ് വാർഷിക ഫീസ്. താത്പര്യമുള്ള കേരള എൻട്രൻസ് യോഗ്യത നേടിയ വിദ്യാർഥികൾ കോളേജ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04734 231995.

(പിഎൻപി 2267/18)

**ടൂറിസം ക്ലബ് രൂപീകരണം**

ജില്ലയിൽ ടൂറിസം ക്ലബുകൾ രൂപീകരിക്കുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ അപേക്ഷ ക്ഷണിച്ചു. ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകൾക്കും അപേക്ഷിക്കാം. കൂടുതൽ വിവരം കോഴഞ്ചേരി ഡിറ്റിപിസി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിൽ ലഭിക്കും. ഫോൺ: 9447709944, 0468 2311343. (പിഎൻപി 2268/18)

## ഐടിഐ ഒഴിവ്

റാന്നി ഗവൺമെന്റ് ഐടിഐയിൽ ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിൽ അഞ്ച് ഒഴിവുകളുണ്ട്. പ്രവേശനത്തിന് താത്പര്യമുള്ളവരും ഇൻഡക്സ്മാർക്ക് 180ൽ താഴെയുള്ളവരും ഈ മാസം 14ന് രാവിലെ 10.30ന് റ്റി.സി, അഡ്മിഷൻ ഫീസ്, പിറ്റിഎ ഫണ്ട് എന്നിവ സഹിതം ഹാജരാകണം. ഫോൺ: 9447265195.

(പിഎൻപി 2269/18)

## സംരംഭകത്വ വികസന പരിശീലനം

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 25നും 50നും മധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിധവകൾക്കായി (35ന് മേൽ പ്രായമുള്ള അവിവാഹിതകൾ, വിവാഹമോചിതർ, അവിവാഹിതരായ അമ്മമാർ എന്നിവർ ഈ വിഭാഗത്തിൽപ്പെടും) ത്രിദിന സംരംഭകത്വ വികസന പരിശീലന പരിപാടി നടത്തുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ദേശീയ പട്ടികജാതി കോർപ്പറേഷൻ വഴി നാല് ശതമാനം പലിശനിരക്കിൽ 10 ലക്ഷം രൂപ വരെ സ്വയംതൊഴിൽ വായ്പ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കും. അപേക്ഷകയുടെ കുടുംബവാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കവിയരുത്.

താത്പര്യമുള്ളവർ വെബ്സൈറ്റിൽ (www.kswdc.org) നിന്നും സ്വയംതൊഴിൽ അപേക്ഷ ഡൗൺലോഡ് ചെയ്ത് ആവശ്യമായ രേഖകളോടൊപ്പം (വിധവ/വിവാഹമോചിത തെളിയിക്കുന്ന രേഖ ഉൾപ്പെടെ) മേഖല മാനേജർ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ടി.സി. 15/1942(2) ലക്ഷ്മി, ഗണപതികോവിലിന് സമീപം, വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ ആഗസ്റ്റ് 20ന് മുമ്പ് ലഭ്യമാക്കണം. ഫോൺ: 0471 2328257.

(പിഎൻപി 2270/18)

## നവമാധ്യമ ശില്പശാല നാളെ (10) തുടങ്ങും

സംസ്ഥാന യുവജനക്ഷേമ ബോർഡും അടൂർ ബോധിഗ്രാമും സംയുക്തമായി സംഘടിപ്പിക്കുന്ന നവമാധ്യമ ശില്പശാല നാളെ (10) അടൂരിൽ നടക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. യുവജനക്ഷേമ ബോർഡ് വൈസ്ചെയർമാൻ പി.ബിജു അധ്യക്ഷത വഹിക്കും. എം.ജി.രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. പി.ബി.ഹർഷകുമാർ, ആർ.എസ്.കണ്ണൻ, എ.ആർ.അജീഷ് കുമാർ, സി.പ്രവീൺ, ജോൺ സാമുവൽ, ബിജു കുര്യൻ, ആർ.ജയൻ തുടങ്ങിയവർ സംസാരിക്കും.

സച്ചിദാനന്ദൻ, ബെന്യാമിൻ, സണ്ണിക്കുട്ടി എബ്രഹാം, പി.എം.മനോജ്, ഡോ.ഷാഹിദ കമാൽ, ഡോ.ഷാജി ജേക്കബ്, ഡോ.കെ.ബി.സെൽവമണി, കെ.എ.ഷാജി, രാജീവ് ദേവരാജ് തുടങ്ങിയവർ ക്ലാസുകളിലും സംവാദങ്ങളിലും പങ്കെടുക്കും.

ആഗസ്റ്റ് 12ന് ശില്പശാല സമാപിക്കും. (പിഎൻപി 2271/18)

## ഏനാദിമംഗലം പഞ്ചായത്തിൽ സാറ്റലൈറ്റ് ഐടി പാർക്ക് വരുന്നു

ഏനാദിമംഗലം പഞ്ചായത്തിൽ വ്യവസായ ഐടി പാർക്ക്, ഇൻഡോർ സ്റ്റേഡിയം നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. തിരുവനന്തപുരം, കൊച്ചി ഐടി പാർക്കുകളെ ബന്ധിപ്പിച്ചുകൊണ്ട് സാറ്റലൈറ്റ് ഐടി പാർക്കാണ് പദ്ധതിയുടെ പ്രധാന ആകർഷണം. പറക്കോട് പഞ്ചായത്തിന്റെ മേൽ നോട്ടത്തിലാണ് നടപടികൾ പുരോഗമിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറായതിന് ശേഷം ടെൻഡർ നടപടികൾ ആരംഭിക്കും. ഇളമണ്ണൂർ ഡിവിഷനിൽപ്പെട്ട പൂതങ്കരയിലാണ് ഐടിപാർക്കും ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കുന്നത്. ഇതിനായി ഏഴ് ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള പ്രാരംഭ നടപടികൾക്കാണ് തുടക്കമായിരിക്കുന്നത്. കല്ലട ജലസേചന പദ്ധതിയുടെ ഡംബിങ് യാർഡായി ഉപ

യോഗിച്ചിരുന്ന അഞ്ചേക്കർ സ്ഥലത്താണ് ഐടി പാർക്ക് സ്ഥാപിക്കുന്നത്. പൂതങ്കര ജിപിഎം യു.പി സ്കൂളിന് കിഴക്ക് അങ്കണവാടിയോട് ചേർന്ന രണ്ടേക്കാർ സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കും. റവന്യു, കെ.ഐ.പി, സർവേ ഉദ്യോഗസ്ഥരാണ് സ്ഥലം അളന്ന് തിട്ടപ്പെടുത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. സ്ഥലം വിട്ടുകിട്ടുന്നതിന് അനുസരിച്ച് ഐടി പാർക്കിനും സ്റ്റേഡിയത്തിനും വേണ്ടി പദ്ധതി തയ്യാറാക്കും. തുടർന്ന് ഫണ്ട് വകയിരുത്തുവാനുമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനം. കൂടുതൽ പേർക്ക് ജോലിസാധ്യതയാണ് ലക്ഷ്യമിടുന്നത്. ഇൻഡോർ സ്റ്റേഡിയത്തിൽ കായിക ആരോഗ്യ കേന്ദ്രവും ആരോഗ്യ സംരക്ഷണ പരിശീലനവും ഉണ്ടാകും. ഏഴ് ഏക്കർ സ്ഥലത്തിൽ രണ്ടേക്കറിൽ സ്റ്റേഡിയം, ഹെൽത്ത് ക്ലബ്ബ്, മൾട്ടിപർപസ് ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കും. ബാക്കി അഞ്ച് ഏക്കറിലായിരിക്കും സാറ്റലൈറ്റ് ഐടി പാർക്ക് നിർമ്മിക്കുക.

(പിഎൻപി 2272/18)

## ലൈഫ് മിഷൻ: രണ്ടാം ഘട്ടത്തിൽ 1218 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു അനുവദിച്ചു
## രണ്ടാം ഘട്ടത്തിൽ പൂർത്തീകരിച്ച ആദ്യ വീടിന്റെ താക്കോൽദാനം 17ന്

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം ജില്ലയിൽ പുരോഗമിക്കുന്നു. ഭൂമിയുള്ളവരും എന്നാൽ വീടില്ലാത്തവരുമായ ആളുകൾക്കാണ് രണ്ടാം ഘട്ടത്തിൽ വീട് നിർമിച്ചു നൽകുന്നത്. വിവിധ ഭവനപദ്ധതികളിൽ അനുവദിച്ച് പണി പൂർത്തിയാകാതിരുന്ന 1213 വീടുകളിൽ 1132 വീടുകൾ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയിരുന്നു. ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ 3985 പേരാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ വീടിന് അർഹതയുള്ള 2984 പേരിൽ 1233 പേർ കരാർ വച്ച് ജോലികൾ ആരംഭിച്ചു. 1218 പേർക്ക് ഒന്നാം ഗഡുവും 187 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചു. മൂന്ന് പേർ വീടുകളുടെ നിർമാണം പൂർത്തീകരിച്ചു.

ഇത്തരത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ പണി പൂർത്തീകരിച്ച ആദ്യ വീടായ കവിയൂർ പഞ്ചായത്തിലെ ശ്രീലത സതീഷ് കുമാറിന്റെ വീടിന്റെ താക്കോൽദാനം ഈ മാസം 17 ന് ജലവിഭവവകുപ്പ് മന്ത്രി മാത്യു.ടി.തോമസ് കവിയൂരിൽ നിർവഹിക്കും. കവിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു അധ്യക്ഷത വഹിക്കും. ജില്ലാപഞ്ചായത്തംഗം എസ്.വി സുബിൻ, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ കെ.ജി.ശകുന്തള, ഇ.സി.കുഞ്ഞൂഞ്ഞമ്മ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.എൻ അബൂബക്കർ സിദ്ദിഖ്, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ എൻ.ഹരി, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ നാല് ലക്ഷം രൂപയാണ് വീട് നിർമാണത്തിനായി നാല് ഗഡുക്കളായി ഓരോ കുടുംബത്തിനും അനുവദിക്കുന്നത്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൊണ്ണൂറ് ദിവസത്തെ വേതനം ഓരോ കുടുംബത്തിനും അധികമായി നൽകുന്നുണ്ട്. ഇതുവഴി 24390 രൂപയാണ് വീട് നിർമിക്കുന്ന ഓരോ കുടുംബത്തിനും ലഭിക്കുന്നത്. ഇതിനുപുറമേ ഓരോ ഗുണഭോക്തൃ കുടുംബത്തിനും 1200 ഇഷ്ടികകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും തയാറായിട്ടുണ്ട്. (പിഎൻപി 2273/14)

## സ്വാതന്ത്ര്യദിനാഘോഷം : മന്ത്രി മാത്യു ടി.തോമസ് മുഖ്യാതിഥിയാകും

ഭാരതത്തിന്റെ 72-ാമത് സ്വാതന്ത്ര്യദിനം 15ന് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കും. മുഖ്യാതിഥിയായ ജലവിഭവ മന്ത്രി മാത്യു ടി.തോമസ് ദേശീയ പതാക ഉയർത്തി പരേഡ് പരിശോധിച്ച് അഭിവാദ്യം സ്വീകരിക്കും.

രാവിലെ എട്ടിന് പരേഡിനുള്ള തയാറെടുപ്പ് ആരംഭിക്കും. 8.10ന് പരേഡ് കമാൻഡർ പരേഡിന്റെ നിയന്ത്രണം ഏറ്റെടുക്കും. 8.30ന് മുഖ്യാതിഥിയായ മന്ത്രി മാത്യു ടി.തോമസ്

എത്തുന്നതോടെ സേനാംഗങ്ങളുടെ സല്യൂട്ട്. 8.35ന് മുഖ്യാതിഥി ദേശീയ ഗാനത്തിന്റെ അകമ്പടിയോടെ ദേശീയ പതാക ഉയർത്തും. തുടർന്ന് യൂണിഫോമിലുള്ള എല്ലാ ഓഫീസർമാരും ദേശീയ പതാകയെ സല്യൂട്ട് ചെയ്യും.

8.40ന് പരേഡ് കമാൻഡർ മുഖ്യാതിഥിക്കു മുൻപാകെ എത്തിയശേഷം മുഖ്യാതിഥി പ്രത്യേകം സജ്ജമാക്കിയ വാഹനത്തിൽ പരേഡ് പരിശോധിക്കും. 8.45ന് പരേഡ് മാർച്ച്പാസ്റ്റ് ആരംഭിക്കും. പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൗട്ട് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്, വനം, എക്സൈസ്, എൻ.സി.സി തുടങ്ങിയവയുടെ പ്ലാറ്റൂണുകളും വിവിധ സ്കൂളുകളിൽ നിന്നുള്ള ബാന്റ് സെറ്റ് ടീമുകളും മാർച്ച്പാസ്റ്റിൽ അണിനിരക്കും. 8.55ന് മുഖ്യാതിഥി സ്വാതന്ത്ര്യദിന സന്ദേശം നൽകും. ഒൻപതിന് പോലീസ് മെഡൽ വിതരണവും സമ്മാനദാനവും നടക്കും. തുടർന്ന് സ്കൂൾ വിദ്യാർഥികളുടെ വർണാഭമായ സാംസ്കാരിക പരിപാടികളും നടക്കും.

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾ വീക്ഷിക്കുന്നതിന് പൊതുജനങ്ങൾ രാവിലെ 7.30ന് ജില്ലാ സ്റ്റേഡിയത്തിൽ എത്തണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അഭ്യർഥിച്ചു. സർക്കാർ സ്ഥാപനങ്ങളും വീടുകളും വ്യാപാര സ്ഥാപനങ്ങളും കൊടിതോരണങ്ങളാൽ അലങ്കരിക്കുകയും ദേശീയ പതാക ഉയർത്തുകയും ചെയ്യണമെന്നും പൂർണമായും ഹരിത മാനദണ്ഡം പാലിച്ചുകൊണ്ടായിരിക്കണം സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതെന്നും കളക്ടർ അഭ്യർഥിച്ചു. എല്ലാ വകുപ്പ് മേധാവികളും ഉദ്യോഗസ്ഥരും സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ പങ്കെടുക്കണം. സെറിമോണിയൽ പരേഡിന്റെ പൂർണ ചുമതല പത്തനംതിട്ട എ.ആർ. ക്യാമ്പ് അസിസ്റ്റന്റ് കമാൻഡന്റിനാണ്.

(പിഎൻപി 2274/2018)

## പനി: 392 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (എട്ട്) 392 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ അഞ്ച് പേരിൽ മൂന്ന് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. ചിറ്റാർ, വള്ളിക്കോട്, വല്ലന എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. ചെന്നീർക്കരയിൽ ഒരാൾക്ക് എലിപ്പനി സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 47 പേർ ചികിത്സ തേടി.

(പിഎൻപി 2275/18)

## കോഴഞ്ചേരി താലൂക്കിൽ 157 മുൻഗണനാകാർഡുകൾ പിടിച്ചെടുത്ത് പൊതുവിഭാഗത്തിലാക്കി

കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ താലൂക്കിലെ വിവിധ ഭാഗങ്ങളിൽ നിന്നും അനർഹമായി കൈവശം വച്ചിരുന്ന 157 മുൻഗണനാ കാർഡുകൾ പിടിച്ചെടുത്ത് പൊതുവിഭാഗത്തിലേക്ക് മാറ്റി. ഇനിയും മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരുടെ കാർഡുകൾ പിടിച്ചെടുത്ത് അനധികൃതമായി വാങ്ങിയ റേഷൻ സാധനങ്ങളുടെ കമ്പോളവില ഈടാക്കുകയും കാർഡുടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും. 1000 ച.അടി വിസ്തീർണമുള്ള വീട്, ഒരേക്കർ ഭൂമി, സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, പാർട്ട്ടൈം ഒഴികെയുള്ള സർക്കാർ പെൻഷൻ വാങ്ങുന്നവർ, സ്വദേശത്തോ വിദേശത്തോ ജോലിയുള്ള 25000 രൂപ പ്രതിമാസം ശമ്പളമുള്ളവർ, ആദായ നികുതി നൽകുന്നവർ, മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവർ തുടങ്ങിയവർ മുൻഗണനാ റേഷൻ കാർഡുകൾ ഉടൻ താലൂക്ക് സപ്ലൈ ഓഫീസിൽ ഹാജരാക്കി പൊതുവിഭാഗത്തിലേക്ക് മാറണം. ഇത്തരത്തിൽ മാറാത്തവർക്കെതിരെ റേഷനിംഗ് ആക്ട് പ്രകാരം നിയമനടപടികൾ ആരംഭിക്കുമെന്നും താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

(പിഎൻപി 2276/18)

**ദേശീയ വിരവിമുക്തദിനം: ജില്ലാതല ഉദ്ഘാടനം നാളെ (10ന്)**

ദേശീയ വിരവിമുക്തദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം നാളെ ഉച്ചയ്ക്ക് ഒന്നിന് തുമ്പമൺ സെന്റ് ജോൺസ് സ്കൂളിൽ ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിക്കും. പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.തങ്കമ്മ ടീച്ചർ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, സ്ഥിരം സമിതി അധ്യക്ഷരായ എലിസബത്ത് അബു, കെ.ജി.അനിത, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ രേഖ അനിൽ, ബ്ലോക്ക് പഞ്ചായത്തംഗം തോമസ് പി.വർഗീസ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എം.റ്റി.തോമസ്, റോസമ്മ വർഗീസ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എം.കെ.ഗോപി, ജില്ലാ മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽകുമാർ, ആർസിഎച്ച് ഓഫീസർ ആർ.സന്തോഷ് കുമാർ തുടങ്ങിയവർ സംസാരിക്കും.

ആഗസ്റ്റ് 10 ദേശീയ വിരവിമുക്തദിനമായി ആചരിക്കുകയാണ്. കുട്ടികളിലുണ്ടാകുന്ന വിളർച്ച, പോഷണക്കുറവ്, വിശപ്പില്ലായ്മ, തളർച്ച, വയറുവേദന, മനംപിരട്ടൽ, ഛർദി, വയറിളക്കം തുടങ്ങിയവ വിരബാധയുടെ ലക്ഷണങ്ങളാണ്. കുട്ടികളുടെ ആരോഗ്യത്തേയും പഠനത്തേയും പ്രതികൂലമായി ബാധിക്കുന്ന വിരബാധയ്ക്ക് പരിഹാരമായാണ് ഗുളികകൾ നൽകുന്നത്. ഗുളിക കഴിക്കുന്നതിലൂടെ വിളർച്ച കുറയുകയും പോഷക ഘടകങ്ങളുടെ ആഗിരണം മെച്ചപ്പെടുകയും രോഗപ്രതിരോധ ശേഷി വർധിക്കുകയും പഠിക്കാനുള്ള ഏകാഗ്രത കൂടുകയും ചെയ്യും. ഒരു ദിവസം ഒരുമിച്ച് എല്ലാ കുട്ടികളും ഗുളിക കഴിക്കുന്നതുവഴി സമൂഹത്തിൽ നിന്ന് വിരബാധ പൂർണമായി ഒഴിവാക്കാൻ കഴിയും. ഒന്ന് മുതൽ 19 വയസ് വരെയുള്ളവർക്ക് സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിലൂടെ ഗുളിക വിതരണം ചെയ്യും. (പിഎൻപി 2277/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 8<br>August 8 | 2018 |
| --- | --- |

*1193 കർക്കിടകം 23 ബുധൻ*

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**ലൈഫ് മിഷൻ: രണ്ടാം ഘട്ടത്തിൽ 1218 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു അനുവദിച്ചു**
**രണ്ടാം ഘട്ടത്തിൽ പൂർത്തീകരിച്ച ആദ്യ വീടിന്റെ താക്കോൽദാനം 17ന്**

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം ജില്ലയിൽ പുരോഗമിക്കുന്നു. ഭൂമിയുള്ളവരും എന്നാൽ വീടില്ലാത്തവരുമായ ആളുകൾക്കാണ് രണ്ടാം ഘട്ടത്തിൽ വീട് നിർമിച്ചു നൽകുന്നത്. വിവിധ ഭവനപദ്ധതികളിൽ അനുവദിച്ച് പണി പൂർത്തിയാകാതിരുന്ന 1213 വീടുകളിൽ 1132 വീടുകൾ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയിരുന്നു. ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ 3985 പേരാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ വീടിന് അർഹതയുള്ള 2984 പേരിൽ 1233 പേർ കരാർ വച്ച് ജോലികൾ ആരംഭിച്ചു. 1218 പേർക്ക് ഒന്നാം ഗഡുവും 187 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചു. മൂന്ന് പേർ വീടുകളുടെ നിർമാണം പൂർത്തീകരിച്ചു.

ഇത്തരത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ പണി പൂർത്തീകരിച്ച ആദ്യ വീടായ കവിയൂർ പഞ്ചായത്തിലെ ശ്രീലത സതീഷ് കുമാറിന്റെ വീടിന്റെ താക്കോൽദാനം ഈ മാസം 17 ന് രാവിലെ എട്ടിന് ജലവിഭവവകുപ്പ് മന്ത്രി മാത്യു.ടി.തോമസ് കവിയൂരിൽ നിർവഹിക്കും. കവിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു അധ്യക്ഷത വഹിക്കും. ജില്ലാപഞ്ചായത്തംഗം എസ്.വി സുബിൻ, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ കെ.ജി.ശകുന്തള, ഇ.സി.കുഞ്ഞൂഞ്ഞമ്മ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.എൻ അബൂബക്കർ സിദ്ദിഖ്, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ

എൻ.ഹരി, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ നാല് ലക്ഷം രൂപയാണ് വീട് നിർമാണത്തിനായി നാല് ഗഡുക്കളായി ഓരോ കുടുംബത്തിനും അനുവദിക്കുന്നത്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൊണ്ണൂറ് ദിവസത്തെ വേതനം ഓരോ കുടുംബത്തിനും അധികമായി നൽകുന്നുണ്ട്. ഇതുവഴി 24390 രൂപയാണ് വീട് നിർമിക്കുന്ന ഓരോ കുടുംബത്തിനും ലഭിക്കുന്നത്. ഇതിനുപുറമേ ഓരോ ഗുണഭോക്തൃ കുടുംബത്തിനും 1200 ഇഷ്ടികകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും തയാറായിട്ടുണ്ട്. (പിഎൻപി 2277/14)

## ആനുകൂല്യം വർധിപ്പിച്ചു

കേരള ഷോപ്സ് ആന്റ് കോമെഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന ആനുകുല്യങ്ങൾ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായി. അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചിലവിനായി നൽകി വരുന്ന ആനുകൂല്യം 5000 രൂപയിൽ നിന്നും 7500 രൂപയായി വർദ്ധിപ്പിച്ചു. മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച പുരുഷ അംഗങ്ങളുടെ വിവാഹ ചിലവിനായി 5000 രൂപയുടെ ആനുകൂല്യം പുതിയതായി അനുവദിച്ചു. അംഗത്തിന്റെയോ അംഗത്തിന്റെ കുടുംബാംഗങ്ങളുടേയോ മരണാനന്തര ചെലവിനത്തിൽ നൽകി വരുന്ന തുക 1000 രൂപയിൽനിന്നും 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0468-2223169. (പിഎൻപി 2278/18)

## കക്കി ജലസംഭരണി : റെഡ് അലർട്ട്

ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി കക്കി ജലാശയത്തിലെ ജലവിതാനം 980.90 മീറ്റർ കടന്നിട്ടുള്ള സാഹചര്യത്തിൽ പരമാവധി ജലനിരപ്പായ 981.46 മീറ്ററിൽ എത്തിച്ചേരാൻ സാധ്യതയുള്ളതിനാൽ അതീവ ജാഗ്രതാ നിർദേശം (മൂന്നാം ഘട്ട റെഡ് അലർട്ട്) പുറപ്പെടുവിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. ഇന്ന് (ഒമ്പത്) രാവിലെ ആനത്തോട് ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധികജലം കക്കി/പമ്പ നദിയിലേക്ക് ഒഴുക്കും. പദ്ധതി പ്രദേശത്തുള്ള മഴയുടെയും നീരൊഴുക്കിന്റെയും അടിസ്ഥാനത്തിൽ 154 ക്യു.മെക്സ് എന്ന തോതിൽ ജലം ഒഴുക്കിവിടും. ഇതുമൂലം കക്കി/പമ്പ നദിയിലെ ജലനിരപ്പ് ഒന്നര മീറ്ററോളം ഉയരാൻ സാധ്യതയുണ്ട്. ആനത്തോട് ഡാമിന്റെ താഴെയുള്ള പ്രദേശങ്ങളിലുള്ളവരും കക്കി/പമ്പ നദിയുടെ ഇരുകരകളിലുള്ളവരും ത്രിവേണി, പമ്പ എന്നിവിടങ്ങളിൽ താമസിക്കുന്നവരും ശബരിമല തീർഥാടകരും അതീവ ജാഗ്രത പുലർത്തണമെന്നും കളക്ടർ അറിയിച്ചു. (പിഎൻപി 2279/18)

## മൂഴിയാർ ഡാമിന്റെ ഷട്ടറുകൾ ഒരാഴ്ചത്തേക്കുകൂടി തുറക്കും

മൂഴിയാർ ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിലെ മഴയുടെ തോതിനനുസരിച്ച് ഡാമിന്റെ ഷട്ടറുകൾ തുറക്കേണ്ടിവന്നാൽ ഇന്ന് (ഒമ്പത്) മുതൽ 16 വരെ ഷട്ടറുകൾ ഉയർത്താനും താഴ്ത്താനും സാധ്യതയുള്ളതിനാൽ കക്കാട്ടാറിന്റെ തീരങ്ങളിൽ താമസിക്കുന്നവർ ഒരാഴ്ചത്തേക്ക് കൂടി ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2280/18)

## എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുകയാണ് സർക്കാർ ലക്ഷ്യം – ചിറ്റയം ഗോപകുമാർ എംഎൽഎ

പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ടാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു.

ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു എംഎൽഎ. വികസന നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് സർക്കാർ ഓഫീസുകളിലെ സേവനങ്ങൾ മെച്ചപ്പെടണം. മികച്ച ഭൗതിക സൗകര്യങ്ങൾ ഉറപ്പാകുന്നതോടെ ജീവനക്കാരുടെ മനോഭാവത്തിലും മാറ്റമുണ്ടാകും. ഘട്ടംഘട്ടമായി ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളെയും സ്മാർട്ടാക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നതെന്നും എംഎൽഎ പറഞ്ഞു.

ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജു രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ എഡിഎം പി.റ്റി.എബ്രഹാം, ജില്ലാ പഞ്ചായത്തംഗം ബി.സതികുമാരി, ആർഡിഒ എം.എ.റഹിം, ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ചന്ദ്രമതി രവി, രമ ജോഗീന്ദർ, പഞ്ചായത്ത് വൈസ്പ്രസിഡന്റ് സരസ്വതി ഗോപി, എ.പി.ജയൻ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ, റവന്യു വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

റവന്യു വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിച്ച 44ലക്ഷം രൂപ ഉപയോഗിച്ചാണ് ഏനാത്ത് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമിക്കുന്നത്. 1470 സ്ക്വ.ഫീറ്റിൽ രണ്ട് നിലകളിലായി നിർമിക്കുന്ന കെട്ടിടത്തിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും വിപുലമായ സൗകര്യങ്ങളാണ് ഒരുക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള സേവനങ്ങളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഇതോടെ ലഭ്യമാകും. നിർമിതി കേന്ദ്രത്തിനാണ് നിർമാണ ചുമതല. ചുരുങ്ങിയ സമയത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. (പിഎൻപി 2281/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമാണോദ്ഘാടനം ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്




കേരള സർക്കാർ
റവന്യൂ വകുപ്പ്
ഏനാത്ത്
സ്മാർട്ട് വില്ലേജ് ഓഫീസ്
നിർമ്മാണോദ്ഘാടനം
2018 ആഗസ്റ്റ് 8 ബുധനാഴ്ച
മണിക്ക്